II ഇ.ബി. XII - കേരള നിയമസഭ/VII-5

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2008 മാർച്ച് 10, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

17 (*121) മരുന്നുകളുടെ വില വർദ്ധന

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, മരുന്നുകളുടെ വിലവർദ്ധനയ്ക്കുള്ള കാരണം പരിശോധിച്ചിട്ടുണ്ടെന്നും ഔഷധങ്ങളുടെ വില നിയന്ത്രിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണെന്നും സഭയെ അറിയിച്ചു. ഇപ്പോൾ വളരെ കുറച്ച് ഔഷധങ്ങൾക്ക് മാത്രമേ വില നിയന്ത്രണമുള്ളൂ. വില നിയന്ത്രണം ഇല്ലാത്ത മരുന്നുകൾ പലപ്പോഴും പല രോഗങ്ങൾക്കും നൽകേണ്ടിവരുന്നുണ്ട്. അങ്ങനെയാണ് പലപ്പോഴും മരുന്നിന് കൂടുതൽ വില നൽകേണ്ടിവരാറുള്ളത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ് ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഉത്തരവനുസരിച്ച് വില നിശ്ചയിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ പരിമിതിയുണ്ട്. മരുന്ന് കമ്പനികൾ മരുന്നുകളുടെ വിലവിവരപ്പട്ടിക സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് സ്ഥിരം സംവിധാനമുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ വിവിധ മെഡിക്കൽ ഷോപ്പുകളിൽ നിന്നും സർക്കാർ ആശുപത്രികളിൽ നിന്നും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും സർവ്വേ സാമ്പിളുകളുമായി ശേഖരിക്കുന്ന മരുന്നുകൾ സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കുന്നു. പരിശോധന നടത്തിയ ശേഷം റിപ്പോർട്ട് ചീഫ് ഗവൺമെന്റ് അനലിസ്റ്റ് ഡ്രഗ്സ് കൺട്രോളറേയും ബന്ധപ്പെട്ട ഡ്രഗ്സ് ഇൻസ്പെക്ടർമാരേയും അറിയിക്കും. ഗുണനിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ വിതരണവും വിൽപ്പനയും തടയുന്നതിനാവശ്യമായ നടപടികൾ ഡ്രഗ്സ് കൺട്രോളർ സ്വീകരിക്കുന്നു. നിലവിലുള്ള ഗുണനിലവാര പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നവീകരണവും എറണാകുളത്ത് പുതിയ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണത്തിനുള്ള നടപടിയും എടുത്തുവരുന്നു. സർക്കാർ ആശുപത്രികളിലേയ്ക്ക് ഡി.പി.സി വഴി വിതരണം ചെയ്യുന്ന ഔഷധങ്ങളുടെ കാര്യത്തിൽ മരുന്ന് വിതരണം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കമ്പനികൾ സമർപ്പിക്കുന്ന മരുന്ന് സാമ്പിളുകൾ ഡ്രഗ്സ് കൺട്രോളറെ ഏൽപ്പിച്ച് ഡ്രഗ്സ് കൺട്രോളറുടെ തന്നെ ലാബിലും അക്രഡിറ്റേഷൻ ലഭിച്ച മറ്റ് ലാബുകളിലും പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഇതിനുപുറമെ കമ്പനികൾ മരുന്ന് സപ്ലൈ ചെയ്യുന്ന സമയത്ത് അതത് ബാച്ചുകൾ അക്രഡിറ്റഡ് ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്നുമുണ്ട്. നിരോധിക്കപ്പെട്ട മരുന്നുകൾ ചില

മെഡിക്കൽസ്റ്റോറുകൾ വഴി വിൽക്കുന്നു എന്നുള്ള അപൂർവ്വം ചില പരാതി ലഭിച്ചതിനെത്തുടർന്ന് അത് പരിശോധിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധരായിട്ടുള്ള എക്സ്പെർട്ട്സുകൾ ചേർന്ന് 2005-ൽ തയ്യാറാക്കിയിട്ടുള്ള സി.പി.സി.ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 608 ഐറ്റം മരുന്നുകളാണ് ഗവണ്മെന്റ് മേഖലയിലുള്ള ആശുപത്രികളിൽ വിതരണം ചെയ്യുന്നത്. ഒരേ മരുന്നുതന്നെ വിവിധതരം കമ്പനികൾ വിവിധ പേരുകളിൽ ഇന്ന് ഉൽപാദിപ്പിക്കുന്നുണ്ട്. അവയിൽ ചില മരുന്നുകൾ സി.പി.സി. ലിസ്റ്റിൽ ഇല്ലാത്തതായിട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കപ്പാസിറ്റി ബിൽഡിംഗിനുവേണ്ടിയുള്ള കെട്ടിടം നിർമ്മിക്കുന്നതിനും മറ്റു സംവിധാനങ്ങൾക്കുമാവശ്യമായ നടപടികൾ തുടങ്ങിക്കഴിഞ്ഞു. കാൻസർ ബാധിതരായിട്ടുള്ള കുട്ടികളെ ചികിൽസിച്ചു ഭേദമാക്കാൻവേണ്ടി 15 കോടി രൂപ ഒരു കോർപ്പസ് ഫണ്ട് എന്ന നിലയിൽ നിശ്ചയിച്ചിട്ടുണ്ട്. അതോടൊപ്പം ഒരുകോടി തൊണ്ണൂറ് ലക്ഷം രൂപ കുട്ടികളുടെ കാൻസർ ചികിൽസയ്ക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. മരുന്നുവില കുറയ്ക്കുന്നതിന് കോർപ്പറേഷനുമായി ബന്ധപ്പെട്ടുകൊണ്ട് ചില അനുകൂല നടപടികൾ എടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ നീതി/മാവേലി/സിവിൽസപ്ളൈസ് മെഡിക്കൽ സ്റ്റോറുകളിൽ മരുന്നിന് ദൗർലഭ്യമില്ല. രണ്ടുമൂന്നുവർഷത്തെ കണക്കുനോക്കിയാൽ ഏതാണ്ട് 50, 60 കോടിയോളം രൂപ മരുന്നിനായി ഗവണ്മെന്റ് മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. സെൻട്രൽ ഗവണ്മെന്റാണ് ക്ഷയരോഗികൾക്കുള്ള മരുന്നുകൾ തന്നുകൊണ്ടിരിക്കുന്നത്. ക്ഷയരോഗത്തിനുള്ള സെക്കന്റ്ലൈൻ ട്രീറ്റ്മെന്റിനുള്ള മരുന്ന് വളരെ വിലപിടിപ്പുള്ളതാണ്. അത് കേന്ദ്ര ഗവണ്മെന്റിന് അനുവദിക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകുമെങ്കിലും സംസ്ഥാനഗവണ്മെന്റ് ഇത് ഏറ്റെടുക്കാൻ തയ്യാറാണ്. ലൈസൻസ്

ഇല്ലാതെ ഒരു മെഡിക്കൽ സ്റ്റോറുപോലും ഇൻഡ്യയിലോ കേരളത്തിലോ തുടങ്ങാൻ പാടില്ല എന്നുള്ള നിയമം നിലനിൽക്കെ എവിടെയെങ്കിലും അങ്ങനെയുള്ള മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടു പിടിച്ചാൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. മാക്സിമം റീട്ടെയിൽ പ്രൈസിൽ 4 ശതമാനം നികുതിയും ഉൾപ്പെടുന്നതാണെന്നും കേരളത്തിൽ ജീവൻരക്ഷാ മരുന്നുകൾ എം.ആർ.പി. റേറ്റിലാണ് വിൽക്കുന്നതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നികുതി വാങ്ങാൻ തീരു മാനിച്ചതെന്നും ഏതെങ്കിലും കമ്പനി കേരള സ്പെസിഫിക് എം.ആർ.പി. വയ്ക്കുകയാണെങ്കിൽ അവർക്ക് നികുതിയിളവ് നൽകുന്നതാണെന്നും ഒരുപചോദ്യത്തിനു മറുപടിയായി ധനകാര്യവകുപ്പുമന്ത്രി വ്യക്തമാക്കി. ഡി.പി.സി. ഓർഡർ അനുസരിച്ച് 500-ൽ അധികം മരുന്നുകൾ വില നിയന്ത്ര ണത്തിന് വിധേയമായിരുന്നു. 500 എന്നുള്ളത് ഇപ്പോൾ 74 ആയി. കേന്ദ്ര ഗവണ്മെന്റ് ഈ കാര്യത്തിൽ നല്ലൊരു നിലപാട് സ്വീകരിക്കുകയാണെങ്കിൽ അത് സംസ്ഥാന ഗവണ്മെന്റിനും രോഗികൾക്കും വളരെ സഹായകരമാ യിരിക്കും. ആയുർവേദ മരുന്നുകളുടെ വില നിയന്ത്രിക്കാൻ ഒരു നിയമവു മില്ല. അതിനെസംബന്ധിച്ച് സംസ്ഥാനഗവണ്മെന്റിന് എന്തുചെയ്യാൻ കഴിയും എന്നുള്ളത് പരിശോധിക്കുന്നതാണ്. യുനാനി ചികിൽസയ്ക്കായി കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന ആശുപത്രിയിൽ സ്ഥിരമായി ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സെൻട്രൽ ഗവണ്മെന്റിന്റെ ഫണ്ടുപയോഗിച്ച് ഏറ്റവും മോഡേൺ ആയിട്ടുള്ള ഒരു ആയുർവേദ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് തിരുവനന്തപുരത്ത് ആരംഭിക്കു ന്നതിന്റെ ഉൽഘാടനച്ചടങ്ങ് കഴിഞ്ഞു. ഈ രംഗത്ത് ഒരു പ്രത്യേക യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടുമൂന്നു വർഷ

ങ്ങളായി കോടിക്കണക്കിനുരൂപ മരുന്നിനുവേണ്ടി ഗവണ്മെന്റ് ചെലവഴിച്ചിട്ടുണ്ട്. 50 കൊല്ലത്തെ സിസ്റ്റം മാറ്റി ഒരു പുതിയ സിസ്റ്റം കൊണ്ടുവരാൻ ഈ ഗവണ്മെന്റ് ശ്രമിച്ചതിന്റെ ഫലമായി അത് പ്രാവർത്തികമായി. സി.പി.സി. ലിസ്റ്റിൽ 100-ൽ താഴെയാണ് കമ്പനികൾ ക്വാട്ട് ചെയ്യുന്നത് എങ്കിലും ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ 179 കമ്പനികളുടെ പ്രതിനിധികൾ ഉണ്ടായിരുന്നു. ഗൈഡ്ലൈനും നോംസും അനുസരിച്ചുമാത്രമേ മരുന്നുൽപാദിപ്പിക്കുന്നതിനുള്ള അനുമതി കൊടുക്കുകയുള്ളൂ. ബി.പി.എൽ. കുടുംബത്തിൽപ്പെട്ടവർക്ക് കാൻസർ പോലുള്ള മാരകരോഗങ്ങൾക്കുള്ള വില കൂടിയ മരുന്നുകൾ സൗജന്യമായി കൊടുക്കാനുള്ള നടപടികൾ എടുത്തുവരികയാണ്. ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കെ.എസ്.ഡി.പി.യിൽ 30-ൽ അധികം മരുന്നുകൾ ഉൽപാദിപ്പിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിലെ ലാബുകൾക്ക് നാഷണൽ ബോർഡിന്റെ അക്രഡിറ്റേഷൻ ലഭിക്കുക എളുപ്പമുള്ള കാര്യമല്ല. കേരളത്തിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി പ്രൈവറ്റ് മേഖലയിലും മിതമായ വിലയ്ക്ക് ക്വാളിറ്റിയുള്ള മരുന്ന് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. പാവപ്പെട്ടവർക്ക് മരുന്ന് സൗജന്യമായും നൽകുന്നതാണ്. സ്വകാര്യ വ്യക്തികൾക്ക് ഗവണ്മെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ മെഡിക്കൽ സ്റ്റോറുകൾ അനുവദിക്കാൻ പറ്റില്ല. ആശുപത്രികളിൽ ഇല്ലാത്ത മരുന്നുകൾ വാങ്ങാനുള്ള തുക അനുവദിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സി.പി.സി. പിരിച്ചുവിട്ടിട്ടില്ലെന്നുമാത്രമല്ല, മൂന്നാമത്തെ ക്വാട്ടയും വിതരണം ചെയ്യണമെന്ന് ആവശ്യ

പ്പെട്ടുകൊണ്ട് കാബിനറ്റ് ഡിസിഷൻ എടുത്തിട്ടുണ്ടെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

## 18 (*122) ചെറുകിട വ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, വ്യവസായ നയത്തിൽ ചെറുകിട വ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ടന്ന് സഭയെ അറിയിച്ചു:

ചെറുകിട വ്യവസായ സംരംഭകർക്ക് ഭൂമി ലഭ്യത, പ്രകൃതി, വിസ്തീർണ്ണം, മൂല്യം തുടങ്ങിയ നിർണ്ണായക വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഭൂമി വിവര ബാങ്ക് രൂപീകരിക്കും.

വ്യവസായ - വാണിജ്യ ആവശ്യത്തിന് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കും.

മലിനീകരണ നിയന്ത്രണം, മാലിന്യ സംസ്ക്കരണം എന്നീ മേഖലകളെ സഹായിക്കുന്നതിനായി പ്രോത്സാഹന പദ്ധതി മൊത്തം ചെലവിന്റെ 50 ശതമാനം ഉയർന്ന പരിധി (25 ലക്ഷം രൂപ) നടപ്പിലാക്കിവരുന്നു.

കേന്ദ്ര സർക്കാരിന്റെ എം.എസ്സ്.എം.ഇ. ആക്ടിനനുസൃതമായി എല്ലാ തരം വ്യവസായ യൂണിറ്റുകൾക്കും ഇൻസെന്റീവ് നൽകിവരുന്നു.

ആരോഗ്യകരമായ തൊഴിൽ ബന്ധങ്ങളും നല്ല തൊഴിൽസംസ്ക്കാരവും നടപ്പിലാക്കുന്നതിന് മുൻതൂക്കം നൽകിയിട്ടുണ്ട്.

എം.എസ്സ്.എം.ഇ. കളുടെ വികസനം സാധ്യമാക്കുന്ന തരത്തിൽ ജില്ലാവ്യവസായ കേന്ദ്രങ്ങളെ കാര്യക്ഷമമാക്കും.

ചെറുകിട സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകരണ പദ്ധതികളിൽ നിന്നുള്ള ഫണ്ട് ഉപയോഗപ്പെടുത്തും.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉപയോഗപ്പെടുത്താത്ത ഭൂമി ഉപയോഗിച്ച് ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കും.

ചെറുകിട സംരംഭങ്ങൾക്ക് ബാങ്കിൽനിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിന് ആവശ്യമായ സഹായം വ്യവസായ വകുപ്പ് ഏജൻസികൾ ചെയ്തുകൊടുക്കും.

ചെറുകിട സംരംഭകർക്ക് പ്രവർത്തനച്ചെലവും വിപണനച്ചെലവും കുറയ്ക്കാനും ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനും ശക്തമായ ബ്രാന്റുകൾ വളർത്താനും സഹായിക്കുന്ന തരത്തിൽ വ്യവസായ ക്ളസ്റ്ററുകൾ സ്ഥാപിക്കും.

ചെറുകിട വ്യവസായികൾക്ക് അനുവദിച്ചിരുന്ന പ്രൈസ് പ്രിഫറൻസ് ഇ.എം.ഡി.-യിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റിൽനിന്നും ഒഴിവാക്കൽ തുടങ്ങിയ ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 2007 സെപ്റ്റംബർ 27- 29 വരെ മൂന്ന് ദിവസത്തെ ട്രേഡ് ടെക്നോളജി ബിസിനസ്സ് ഷോയിൽ 23 വിദേശ എക്സിബിറ്റേഴ്സ് പങ്കെടുത്തു. ഭക്ഷ്യ-കാർഷിക ഉൽപ്പന്നങ്ങൾ, ആയുർവേദ ഔഷധ ഉൽപ്പന്നങ്ങൾ, കയർ - കൈത്തറി, കരകൗശലം, മുള, തഴപ്പായ്, റബ്ബർ ഉൽപന്നങ്ങൾ എന്നീ 7 വിഭാഗങ്ങളെ കേന്ദ്രീകരിച്ചാണ് മേള നടത്തിയത്. 113 എക്സിബിറ്റേഴ്സ് മേളയിൽ പങ്കെടുക്കുകയുണ്ടായി. ഭാരതത്തിൽനിന്ന് 234-ഉം വിദേശത്തുനിന്ന് 50-ഉം ഉൾപ്പെടെ 284 ബയ്യേഴ്സ് മേളയിൽ പ്രദർശിപ്പിച്ച ഉൽപ്പന്നങ്ങൾ വാങ്ങുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ ഒരു ഉപഭോക്തൃ സംസ്ഥാനം എന്നതിൽനിന്നും ഉൽപാദക സംസ്ഥാനം എന്ന നിലയിലേയ്ക്കുയർത്തുവാൻ കഴിഞ്ഞു എന്നുള്ളതാണ് ഈ മേളയുടെ ഏറ്റവും വലിയ നേട്ടം. കൂടാതെ മേളയിൽ പങ്കെടുത്ത വ്യവസായ സംരംഭകർക്ക് പുത്തൻ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നതിനും ഇതു സഹായിച്ചു. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ സഹായങ്ങൾ യഥാസമയം ലഭ്യമാക്കുവാൻ എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി രൂപീകരിച്ച എന്റർപ്രണർ ഗൈഡൻസ് സെല്ലുകളുടെ പ്രവർത്തനം പുരോഗമിക്കുന്നു. ഓരോ ജില്ലയിലും വിഭവ ലഭ്യതയുടേയും അടിസ്ഥാന സൗകര്യങ്ങളുടേയും പട്ടിക

തയ്യാറാക്കി വ്യക്തമായ പ്രവർത്തന രേഖ തയ്യാറാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2428 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് (ചെറുകിട സേവന കച്ചവട സംരംഭങ്ങൾ ഉൾപ്പെടെ) സ്ഥിരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. (01/10/2006 വരെ) 02/10/2006 മുതൽ എം.എസ്സ്.എം.ഇ.ഡി. ആക്ട് നിലവിൽ വന്നതോടുകൂടി രജിസ്ട്രേഷൻ സമ്പ്രദായത്തിനു പകരം പാർട്ട് ii മെമ്മോറാണ്ടം ഫയൽ ചെയ്യുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. അതുപ്രകാരം 02/10/2006 മുതൽ 31/12/2007 വരെയുള്ള കാലയളവിൽ 5466 പുതിയ വ്യവസായ സംരംഭങ്ങൾ (ലഘു-ചെറുകിട -ഇടത്തരം) പാർട്ട് II -ൽ മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുണ്ട്. പുതിയ സംരംഭങ്ങൾക്ക് പദ്ധതികൾ സമർപ്പിച്ചാൽ സിങ്കിൾ വിൻഡോ ക്ളിയറൻസ് സംപ്രദായം ഉപയോഗിച്ച് എത്രയുംവേഗത്തിൽ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളതിനുപുറമേ ദീർഘകാലമായി പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ ഏറ്റെടുത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. കേരളത്തിൽ ഏതാണ്ട് അൻപതോളം ചെറുകിട വ്യവസായ മേഖലകളിൽ ക്ളസ്റ്ററുകൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ സഹായത്തോടുകൂടി കോമൺ ഫെസിലിറ്റി സെന്റർ ഉണ്ടാക്കുന്നതിനും ആ സേവനം ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട നിലയിൽ ഉൽപ്പാദനം നടത്തുന്നതിനും മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിനും സൗകര്യം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി കേന്ദ്രഗവണ്മെന്റ്

മാതൃകയിൽ ഒരു സ്ഥാപനം കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കാസർകോട് ജില്ലയിലെ മൈലാടിയിൽ സെറിഫെഡും ടെക്സ്റ്റയിൽ കോർപ്പ റേഷനും അവരുടെ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. 1973--ലെ സർക്കാർ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു മാനദണ്ഡം അനുസരിച്ചാണ് ചെറുകിട വ്യവസായത്തിന് ഭൂമി അലോട്ട് ചെയ്യുന്നത്. അതിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നതുസംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. നിക്ഷേപക സൗഹൃദ സംസ്ഥാനം എന്ന നിലയിൽ ഇന്ന് കേരളം ഒന്നാം സ്ഥാനത്താണെന്ന് സർവ്വേ റിപ്പോർട്ടുകൾ വ്യക്തമാക്കിയിട്ടുണ്ട്. കേരള ത്തിലെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ പർച്ചേസ് ചെയ്യുന്ന ഉൽപന്നങ്ങൾക്ക് 4 ശതമാനം നികുതി പ്രഖ്യാപിച്ചിട്ടുള്ളത് കേരളത്തിലെ ചെറുകിട ഉൽപാദകരെ സഹായിക്കാനാണ്. പ്രതിസന്ധിയിലായ യൂണിറ്റുകളുടെ വായ്പകൾ ക്രമീകരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് സബ്സിഡിയും മറ്റ് സഹായങ്ങളും നൽകുന്നുണ്ട്. അർഹതയില്ലാത്ത ഒരു ആനുകൂല്യവും ഗവണ്മെന്റ് നൽകുന്നില്ല. സർക്കാർ അംഗീകരിച്ച നയത്തിന്റെ അടിസ്ഥാന ത്തിലുള്ള നടപടികൾ മാത്രമാണ് സ്വീകരിക്കുന്നത്. കൂടുതൽ തൊഴില വസരങ്ങൾ സൃഷ്ടിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളെ പ്രോൽസാ ഹിപ്പിക്കുക എന്നതാണ് ഗവണ്മെന്റിന്റെ നയം. കേന്ദ്ര പദ്ധതികൾ വരുമ്പോൾ ധാരാളം അനുബന്ധ തൊഴിൽ അവസരങ്ങളും ഉണ്ടാകുന്നുണ്ടെന്ന് ഒരുപ ചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

19 (*123) ഡാമുകളുടേയും പവർഹൗസുകളുടേയും സുരക്ഷ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, ഡാമുകളുടേയും പവർഹൗസുകളുടേയും സുരക്ഷ സംബന്ധിച്ച ഡാം സേഫ്റ്റി അതോറിറ്റി വിവിധ ഡാമുകൾ സന്ദർശിച്ച് ഉചിതമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ശുപാർശകളും ബന്ധപ്പെട്ട അധികൃതർക്ക് നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പൊതുജനതാൽപര്യത്തെ മുൻനിർത്തിയുള്ള അടിയന്തിര സ്വഭാവമുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും മാത്രമാണ് ഗവണ്മെന്റിന് സമർപ്പിക്കേണ്ടത്. ജലസേചന വകുപ്പിന്റെ കീഴിലുള്ള ചിമ്മിനി ഡാമിന്റെ ബലപ്പെടുത്തൽ സംബന്ധമായ ഗ്രൗട്ടിംഗ്, ഗണൈറ്റിംഗ്, ഡ്രെയിനേജ് ഹോളുകളുടെ നിർമ്മാണം തുടങ്ങിയ ജോലികൾ നിർവ്വഹിക്കുന്നതിന് ഡാം സുരക്ഷാ അതോറിറ്റി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പണികൾ പൂർണ്ണമാകുന്നതുവരെ ജലവിതാനം പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എൽ) നിന്നും മൂന്ന് മീറ്റർ താഴ്ത്തി നിർത്താനും നിർദ്ദേശിച്ചിട്ടുണ്ട്. കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ നിർദ്ദേശാനുസരണം ചിമ്മിനി ഡാം ബലപ്പെടുത്തുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മുല്ലപ്പെരിയാറിൽ നിലവിലുള്ള ഡാമിന്റെ കാലപ്പഴക്കവും ബലക്ഷയവും കണക്കിലെടുത്തുകൊണ്ട് അതിനുപകരമായി അനുയോജ്യമായ സ്ഥാനത്ത് ഒരു പുതിയ ഡാം പണിയുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും അതിന്റെ പ്രാംരംഭ നടപടിയായി ഒരു സാദ്ധ്യതാപഠനം നടത്തുന്നതിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഇറിഗേഷൻ വകുപ്പിലെ ഐ.ഡി.ആർ.ബി. വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിശദമായ പര്യവേക്ഷണം

നടത്തുന്നതിനാവശ്യമായ 'ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്' കേന്ദ്രസർക്കാർ, നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫ്, ബഹുമാനപ്പെട്ട സുപ്രീംകോടതി എന്നിവയുടെ അംഗീകാരത്തിന് വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ മുല്ലപ്പെരിയാറിൽ റിവർ സർവ്വേ ആരംഭിച്ചിട്ടുണ്ട്. ഡാമുകളിലെ മണ്ണ് നീക്കം ചെയ്യുന്ന ഡീസിൽറ്റിംഗ് പ്രക്രിയയ്ക്കു വേണ്ടിയുള്ള പഠനം കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മംഗലം ഡാം, മലമ്പുഴ ഡാം ഇവ ഡീസിൽറ്റ് ചെയ്യാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ജലസംഭരണികൾ ഉൾപ്പെടെയുള്ള നദികളേയും ജലസ്രോതസ്സുകളേയുമൊക്കെ മാലിന്യ വിമുക്തമാക്കാനുള്ള നടപടികളെപ്പറ്റി തീരുമാനിക്കാനുള്ള അധികാരം നിലവിലുള്ള നിയമമനുസരിച്ച് പൊല്യൂഷൻ കൺട്രോൾ ബോർഡിനാണ്. മലമ്പുഴ, പെരിയാർ റിസർവോയറുകൾ ഉൾപ്പെട്ടിട്ടുള്ള മേഖലകളിൽ അതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡ് അതിന്റെ നോഡൽ ഏജൻസിയാണ്. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതു മായി ബന്ധപ്പെട്ട് ഇപ്പോൾ ഏതാണ്ട് പതിമൂന്നോളം വിഷയങ്ങൾ സുപ്രീം കോടതിയുടെ സജീവ പരിഗണനയിലാണ്. പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്ന മുല്ലപ്പെരിയാർ ഡാമിന്റെ ഇൻവെസ്റ്റിഗേഷൻ സർവ്വേ ആരംഭിച്ചിട്ടുണ്ട്. 25 ലക്ഷം രൂപ ഇറിഗേഷൻ വകുപ്പിൽനിന്നും ഭരണാനുമതിക്കായി നീക്കിവയ്ക്കുകയും അത് നൽകുകയും ചെയ്തിട്ടുണ്ടെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട 124 മുതൽ 150 വരെയുള്ള (27) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1070 മുതൽ 1414 വരെയുള്ള ചോദ്യങ്ങളിൽ 173 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)